## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 621 19-03-2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ 10 വീതം മെഷീനുകളുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഉടൻ പൂർത്തിയാകുന്നതാണ്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ഉടനെ നടപടി സ്വീകരിക്കുന്നതാണ് |
| (ബി) | ഏതെല്ലാം ആശുപത്രികളിലാണ് സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടു കൂടി ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ 27 ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി 31.5 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. താലൂക്ക് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇതിനു വേണ്ട ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് വ്യവസ്ഥയനുസരിച്ച് ഡയാലിസിസ് ആവശ്യമായ വൃക്കരോഗികൾക്ക് അനുവദിക്കുന്ന തുകയിൽ നിന്നും ഒരു നിശ്ചിത ഭാഗം തുക രോഗി ചികിത്സ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ആശുപത്രിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് മുൻകൂറായി നൽകിയും തികയാത്ത തുക പദ്ധതിയിൽ നിന്നും ഒറ്റതവണ സാമ്പത്തിക സഹായമായും നൽകിയുമാണ് ആവശ്യമായ ധനസമാഹരണം നടത്തുന്നത് |
| (ഡി) | ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | സെന്ററുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥല സൗകര്യം വിദഗ്ധരുടെ സേവനം എന്നിവ ആരോഗ്യ വകുപ്പാണ് ലഭ്യമാക്കുന്നത്. ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏല്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

തിരുവനന്തപുരം

## ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുവാൻ നിശ്ചയിച്ചിട്ടുള്ള ആശുപത്രികൾ

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | ജില്ല |
|---|---|---|
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ് | തിരുവനന്തപുരം |
| 2 | ജില്ലാ ആശുപത്രി നെയ്യാറ്റിൻകര | തിരുവനന്തപുരം |
| 3 | ജില്ലാ ആശുപത്രി നെടുമങ്ങാട് | തിരുവനന്തപുരം |
| 4 | ഫോർട്ട് ആശുപത്രി തിരുവനന്തപുരം | തിരുവനന്തപുരം |
| 5 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര | കൊല്ലം |
| 6 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ | കൊല്ലം |
| 7 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല | ആലപ്പുഴ |
| 8 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ആലപ്പുഴ | ആലപ്പുഴ |
| 9 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി | പത്തനംതിട്ട |
| 10 | ജനറൽ ആശുപത്രി, അടൂർ | പത്തനംതിട്ട |
| 11 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചങ്ങനാശ്ശേരി | കോട്ടയം |
| 12 | ജനറൽ ആശുപത്രി, പാല | കോട്ടയം |
| 13 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പീരുമേട് | ഇടുക്കി |
| 14 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ | എറണാകുളം |
| 15 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പറവൂർ | എറണാകുളം |
| 16 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വടക്കാഞ്ചേരി | തൃശ്ശൂർ |
| 17 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കുന്നംകുളം | തൃശ്ശൂർ |
| 18 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം | പാലക്കാട് |
| 19 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട് | പാലക്കാട് |
| 20 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി | കോഴിക്കോട് |
| 21 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി | കോഴിക്കോട് |
| 22 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപറമ്പ് | കണ്ണൂർ |
| 23 | ജനറൽ ആശുപത്രി, തലശ്ശേരി | കണ്ണൂർ |
| 24 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | കാസർഗോഡ് |
| 25 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം | കാസർഗോഡ് |
| 26 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി | വയനാട് |
| 27 | ജനറൽ ആശുപത്രി, കൽപ്പറ്റ | വയനാട് |

സെക്ഷൻ ഓഫീസർ